പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 819 | 30/06/2011-ൽ മറുപടി നല്കേണ്ടത്

## മൂന്നാർ കയ്യേറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. നാരായണൻ: | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) മൂന്നാറിൽ എത്ര ഏക്കർ സർക്കാർ ഭൂമി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) കണക്ക് ശേഖരിച്ചുവരുന്നു |
| (ബി) ഭൂമി കയ്യേറ്റം നടത്തിയത് ആരൊക്കെയാണ്; | (ബി) സ്ഥലവാസികളും, തോട്ടം തൊഴിലാളികളും, മറ്റുപണിക്കാരും സ്ഥലം കൈയേറിയിട്ടുണ്ട്. |
| (സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (സി) അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. കെ.ഡി.എച്ച്. വില്ലേജിൽ മൂന്നാർ കോളനി ഭാഗത്ത് സർക്കാർ ഭൂമിയിൽ അനധികൃതമായി കൈയേറി നിർമ്മിച്ചിരുന്ന 42 ഷെഡുകൾ പൊളിച്ച് നീക്കം ചെയ്തിട്ടുള്ളതാണ്.
2. പാർവ്വതി മലഭാഗത്ത് സർവ്വെ 68/9 ൽ പ്പെട്ട 40.5 ഏക്കർ വരുന്ന സർക്കാർ ഭൂമി കൈയേറി നിർമ്മിച്ചിരുന്ന ഷെഡുകൾ പൊളിച്ച് നീക്കം ചെയ്തിട്ടുണ്ട്. കയ്യേറ്റക്കാർക്കെതിരെ ക്രിമിനൽ കേസ് എടുക്കുന്നതിന് പോലീസ് നിർദ്ദേശം നല്കിയിട്ടുണ്ട്.
3. ദേവികുളം കരയിൽ സർവ്വെ നമ്പർ 20/1 ൽ അനധികൃതമായി നിർമ്മിച്ചിരുന്ന 3 ഷെഡുകൾ പോലീസ് സഹായത്തോടെ ഒഴിപ്പിച്ചിട്ടുണ്ട്. .
4. മൂന്നാർ ഹെഡ് വർക്ക്സ് ഡാമിനു സമീപം സർക്കാർ ഭൂമിയിൽ സർക്കാർ നിർമ്മിച്ചിരുന്ന ഷെഡ് പൊളിച്ച് നീക്കം ചെയ്തിട്ടുണ്ട്. .
5. ദേവികുളം ഗവണ്മെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനു സമീപം സർക്കാർ ഭൂമിയിൽ അതിക്രമിച്ച് പ്രവേശിച്ചവരെ 20/02/2011 ൽ ഒഴിപ്പിച്ച് കയ്യേറ്റക്കാർക്കെതിരെ കേസ് എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

### ആനവിരട്ടി വില്ലേജ്

മുരുകദാസ് S/o. പണ്ടാരം, ലക്ഷ്മി എസ്റ്റേറ്റ്, മൂന്നാർ എന്നയാൾ ആനവിരട്ടി വില്ലേജ് സർവ്വെ 178 ൽപ്പെട്ട ഉദ്ദേശം 15 സെന്റ് സർക്കാർ ഭൂമി കയ്യേറി നിർമ്മാണ പ്രവർത്തനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നിരോധന ഉത്തരവ് നല്കി നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെയ്പിച്ചിട്ടുള്ളതും കെ.എൽ.സി (ഭേദഗതി) നിയമപ്രകാരം കക്ഷികൾക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് വെള്ളത്തൂവൽ പോലീസിൽ പരാതി നല്കിയിട്ടുണ്ട്.

### വട്ടവട വില്ലേജ്

വട്ടവട വില്ലേജിൽ ബ്ലോക്ക് 62 ൽ സർവ്വെ 183 ൽപ്പെട്ട 452.16.50 ഹെക്ടർ ഭൂമിയുള്ളതിൽ 141.64.30 ഹെക്ടർ ഭൂമി ഭൂരഹിതർക്ക് പതിച്ചുകൊടുക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതും 247.72.11 ഹെക്ടർ നീലക്കുറിഞ്ഞി ഉദ്യാനത്തിന്‌വേണ്ടി ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. 138.19.40 ഹെക്ടർ പട്ടയവസ്തുവും ഉൾപ്പെടുന്നതായി കാണുന്നു. സർക്കാർ തരിശ് ഭൂമിക്കോ, പട്ടയഭൂമിക്കോ പ്രത്യേകം സബ്ഡിവിഷൻ ചെയ്തിട്ടില്ലാത്തതുമാണ്. ടി സർവ്വെ നമ്പർ 183 ൽ സ്വകാര്യവ്യക്തി നിർമ്മാണ പ്രവർത്തനങ്ങളും റോഡ് നിർമ്മാണവും നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നിരോധന ഉത്തരവ് നല്കി ടി പ്രവർത്തനങ്ങൾ നിർത്തിവെയ്പിച്ചിട്ടുണ്ട്. 183 സർവ്വെ നമ്പരിൽപ്പെട്ട വസ്തുക്കൾ സർവ്വെ ടീമിനെ നിയോഗിച്ച് സബ്ഡിവിഷന്റെ സ്കെച്ച് തയ്യാറാക്കി കല്ലിട്ടുതിരിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.